1919
29/11/19

# കേരള സർക്കാർ

**സംഗ്രഹം**

പിന്നാക്ക വിഭാഗ വികസന വകുപ്പ് - 2018-19 ബഡ്ജറ്റിൽ പ്രഖ്യാപിച്ച കുംഭാര കോളനി അടിസ്ഥാന വികസന പദ്ധതിയിൽ തൃശ്ശൂർ ജില്ലയിലെ കൊടകര കുംഭാര കോളനി ഉൾപ്പെടുത്തി ഭരണാനുമതി നൽകി ഉത്തരവാകുന്നു.

=====================================================================

## പിന്നാക്ക വിഭാഗ വികസന (ബി) വകുപ്പ്

സ.ഉ.(സാധാ)നം.118/2018/പി.വി.വി.വ. തീയതി, തിരുവനന്തപുരം, 07.12.2018.

=====================================================================

പരാമർശം:- പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ 13.06.2018 -ലെ ബി.സി.ഡി.ഡി-എ 2-688/2018 നമ്പർ കത്ത്.

**ഉത്തരവ്**

സംസ്ഥാനത്തെ കുംഭാര കോളനികളുടെ നവീകരണത്തിനായി 5 കോടി രൂപ അധികമായി വകയിരുത്തുമെന്ന് ബഹു. ധനകാര്യ വകുപ്പ് മന്ത്രി 2018-19 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ആയതിൻ പ്രകാരം തൃശ്ശൂർ ജില്ലയിലെ കൊടകര ഗ്രാമപഞ്ചായത്തിലെ കൊടകര കുംഭാര കോളനിയുടെ സങ്കേതത്തിലെ കുടിവെള്ള സംവിധാനം, നടപ്പാതകൾ, വർക്ക് ഷെഡ് അടക്കമുള്ള സൗകര്യങ്ങൾ അടങ്ങിയ കമ്മ്യൂണിറ്റി ഹാൾ എന്നിവയ്ക്കായി 1 കോടി രൂപ അനുവദിക്കണമെന്ന് പരാമർശ കത്ത് പ്രകാരം പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടർ വിശദമായ എസ്റ്റിമേറ്റ് സഹിതം അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ 2018-19 ബഡ്ജറ്റിൽ പ്രഖ്യാപിച്ച കുംഭാര കോളനി അടിസ്ഥാന വികസന പദ്ധതിയിൽ തൃശ്ശൂർ ജില്ലയിലെ കൊടകര കുംഭാര കോളനി ഉൾപ്പെടുത്തി ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം),

**സുരേഷ് കുമാർ പി. എൻ**
**ജോയിന്റ് സെക്രട്ടറി**

ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, കനകനഗർ, വെള്ളയമ്പലം, തിരുവനന്തപുരം
ട്രഷറി ഡയറക്ടർ, ട്രഷറി ഡയറക്ടറേറ്റ്, തിരുവനന്തപുരം
സെക്രട്ടറി, കൊടകര ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ
ജില്ലാ ട്രഷറി ഓഫീസർ, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ &ഇ), കേരള, തിരുവനന്തപുരം
✓ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (സർക്കാർ വെബ്സൈറ്റ്)
ധനകാര്യ വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം,

Bindu T

സെക്ഷൻ ഓഫീസർ

പകർപ്പ് :- ബഹു. പിന്നാക്ക വിഭാഗ വികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
പിന്നാക്ക വിഭാഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ-യ്ക്ക്
പിന്നാക്ക വിഭാഗ വികസന വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ-യ്ക്ക്
അണ്ടർ സെക്രട്ടറി, പിന്നാക്ക വിഭാഗ വികസന വകുപ്പ്